# Malayala Manorama

# 1 August 2018

# Cheruthoni: Idukki dam, Water level, Dam Updates



# മഴ കുറഞ്ഞാലും 2398 അടിയിൽ ഇടുക്കി ഡാം തുറക്കുമെന്ന് മന്ത്രി മണി

**ജലനിരപ്പ് 2398 അടി എത്താൻ എട്ടു ദിവസം വേണമെന്ന് കെഎസ്ഇബി**

**മനോരമ ലേഖകൻ**

**ചെറുതോണി** ● ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 2398 അടിയിലെത്തിയാൽ ചെറുതോണിയിലെ ഷട്ടർ ഉയർത്തി പരീക്ഷണ തുറക്കൽ (ട്രയൽ റൺ) നടത്താൻ സർക്കാർ തീരുമാനിച്ചു. അഞ്ചു ഷട്ടറുകളിലൊരെണ്ണം നാലു മണിക്കൂർ ഉയർത്തി ജലം ഒഴുക്കും. 2396.18 അടിയാണ് അണക്കെട്ടിലെ ഇന്നലത്തെ ജലനിരപ്പ്. 2403 അടിയാണു പരമാവധി സംഭരണ ശേഷി.

ഇടുക്കി കലക്ടറേറ്റിൽ മന്ത്രി എം.എം.മണിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിലാണു ട്രയൽ റൺ തീരുമാനിച്ചത്. മഴയും നീരൊഴുക്കും കുറഞ്ഞതിനാലാണു ജലനിരപ്പ് 2398 അടിയിലെത്തുമ്പോൾ അണക്കെട്ടു തുറന്നാൽ മതിയെന്നു തീരുമാനിച്ചതെന്നു മന്ത്രി പറഞ്ഞു. 2398 അടിയിലെത്തുമ്പോൾ മഴ കുറഞ്ഞാലും ട്രയൽ റൺ നടത്തും. 2398 അടിയിലെത്തുമ്പോൾ ജനങ്ങൾക്കു മുന്നറിയിപ്പു നൽകും. 24 മണിക്കൂറിനു ശേഷം ഷട്ടർ ഉയർത്തും. വെള്ളം ഒഴുകിയെത്താൻ സാധ്യതയുള്ള മേഖലകളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥാനത്തേക്കു മാറ്റിയിട്ടേ നടപടി ആരംഭിക്കൂ.

മഴ കുറഞ്ഞതോടെ ജലനിരപ്പ് ഉയരുന്നതു മെല്ലെയാണ്. ഇപ്പോഴത്തെ നീരൊഴുക്കിന്റെ തോതു കണക്കിലെടുത്താൽ, 2398 അടിയിലെത്താൻ എട്ടുദിവസം കൂടി വേണ്ടിവരുമെന്നാണു കെഎസ്ഇബിയുടെ കണക്കുകൂട്ടൽ. മഴ കൂടിയാൽ മൂന്നുദിവസം കൊണ്ടു 2398 അടിയിലെത്തും.

ജലനിരപ്പ് 2397 അടിയിലെത്തുമ്പോൾ ട്രയൽ റൺ നടത്താനും, 2399 അടിയിലെത്തുമ്പോൾ അതീവ ജാഗ്രതാനിർദേശം (റെഡ് അലർട്ട്) പ്രഖ്യാപിക്കാനുമുള്ള ആദ്യ തീരുമാനം ഇതോടെ മാറ്റി.

ഷട്ടറുകളുടെ കാര്യക്ഷമത പരിശോധിക്കുന്നതിനും വെള്ളമൊഴുകുന്നതിന്റെ ഗതി അറിയാനും കൂടിയാണു ട്രയൽ റൺ. 26 വർഷത്തിനു ശേഷമാണു ചെറുതോണിയിലെ ഷട്ടറുകൾ ഉയർത്തുന്നത്.

അതേസമയം, മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഇന്നലെയും താഴ്ന്നു 135 അടിയായി

**4 മണിക്കൂർ വെള്ളം ഒഴുകിയാൽ നഷ്ടം 40 ലക്ഷം**

പരീക്ഷണാടിസ്ഥാനത്തിൽ, അണക്കെട്ടിന്റെ മധ്യഭാഗത്തുള്ള ഷട്ടർ 50 സെന്റിമീറ്റർ ഉയർത്തി, നാലു മണിക്കൂർ നേരം വെള്ളം ഒഴുക്കാനാണു തീരുമാനം. ഈ സമയം കൊണ്ട് 1.58 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാനാവശ്യമായ വെള്ളം പുറത്തുപോകുമെന്നു കെഎസ്ഇബി ചെയർമാൻ എൻ.എസ്.പിള്ള പറഞ്ഞു. ഇത്രയും വൈദ്യുതിയുടെ വില 40 ലക്ഷം രൂപ വരും.

● പേജ് 6 കാണുക